"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532

keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - കെ.പി.എസ്.സി-യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന : 07.07.2026 ലെ കൊല്ലം മേഖല കെ.പി.എസ്.സി ഓഫീസിൽ നിന്നുള്ള KLR IV (1) 566541/2022 എന്ന അഡ്വൈസ് ലെറ്റർ

---

**ഉത്തരവ് നമ്പർ: KPCS/1728/2025-E5 ; തീയതി: 15-07-2026**

---

ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ പരാമർശ പ്രകാരം കേരള പി എസ് സി അഡ്വൈസ് ചെയ്തിരിക്കുന്നു. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ജയിൽ വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവുകളിലേക്ക് താത്കാലികമായി 27900 - 63700/- രൂപാ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന പ്രകാരം നിയമന ഉത്തരവ് നൽകുന്നു.

| Sl No | Name | Address | Posting |
|---|---|---|---|
| 1. | VIVEK C V | CHENNAMPOTTA HOUSE<br>KOTTAYI<br>PALAKKAD<br>KOTTAYI POST 678572 | CENTRAL PRISON THAVANUR |
| 2. | SAMPATH S A | S S BHAVAN<br>MANCHAVILAKOM<br>THIRUVANANTHAPURAM<br>MANCHAVILAKOM PO 695503 | CENTRAL PRISON THAVANUR |
| 3. | PRAJEESH K | MALAYANKUZHI HOUSE<br>KUMARAMPUTHUR<br>PALAKKAD<br>PALLAVUR PO 678688 | SUB JAIL PONNANI |

2. മേൽ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് **14 ദിവസത്തിനകം** താഴെ പറയുന്നവയുടെ ഒറിജിനൽ രേഖകളുമായി ഫുൾ യൂണിഫോമിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. യോഗ്യത, ജനന തീയതി, ജാതി എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (സാമുദായിക സംവരണത്തിന് അർഹതയുള്ളവർ), അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ.

3. കൂടാതെ കേരള സർവീസസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന വിധം (ജി.ഒ.(പി) നം. 20/2011/പി&എആർഡി തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ്, കേരള പി എസ് സി യിൽ നിന്നുള്ള ഒറ്റ തവണ പരിശോധനാ സാക്ഷ്യപത്രത്തിന്റെ ഒറിജിനൽ എന്നിവ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 3 (സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താത്കാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് - 05.03.1974 ലെ ജി.ഒ.(പി) നം. 49/74/പിഡി). ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രൊഫോമ (അനുബന്ധം - 1) പൂരിപ്പിച്ച് നൽകേണ്ടതാണ്. 15.11.2016 ലെ G.O(P) No. 171/2016/Fin, 18.11.2018-ലെ G.O(P) No.16/2018/P&ARD എന്നിവയിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം സ്ഥാവര ജംഗമ സ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനായി അവ നിർദ്ദിഷ്ട പ്രൊഫോർമയിൽ പൂർണമായി പൂരിപ്പിച്ച് നൽകേണ്ടതാണ്

4. നിശ്ചിത സമയത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ ( രജിസ്റ്റേർഡ് തപാൽ A/D മുഖേന)

പകർപ്പ്: 1) ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ (ഉദ്യോഗാർത്ഥികളുടെ അഡ്വൈ്വസ് കത്തിൻറെ പകർപ്പ്, ഒറ്റത്തവണ രജിസ്റ്റ്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു. പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥികളുടെ സ്ഥാവര ജംഗമ സ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്).

2) ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര /മദ്ധ്യ/ദക്ഷിണ മേഖല

3) ഓഫീസ് കോപ്പി

Digitally signed by
Dinesh Bhagavathi Pillai
Date: 15-07-2026
13:05:25